**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 37** **17-09-2025 - ൽ മറുപടിയ്ക്ക്**

**പി. എം. കുസും പദ്ധതി പ്രകാരമുള്ള ടെൻഡർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി കെ. കെ. രമ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കർഷകർക്ക് സൗരോർജ്ജ പമ്പുകൾ നൽകാനുള്ള പി. എം. കുസും പദ്ധതിയുമായി ബന്ധപ്പെട്ട കരാറിൽ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | പദ്ധതിയുമായി ബന്ധപ്പെട്ട കരാറിൽ ക്രമക്കേട് നടന്നതായ ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ആരോപണത്തിലെ നിജസ്ഥിതി സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. വകുപ്പുതല റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഉചിത തുടർനടപടികൾ സ്വീകരിക്കുന്നതാണ്. അന്വേഷണം സമയ ബന്ധിതമായി പൂർത്തിയാക്കുവാൻ കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (ബി) | അഞ്ച് കോടി രൂപയ്ക്ക് മാത്രം ടെൻഡർ വിളിക്കാൻ അധികാരമുള്ള അനെർട്ട് സി. ഇ. ഒ. ഇരുന്നൂറ്റി നാൽപത് കോടി രൂപയുടെ ടെൻഡർ വിളിച്ചിട്ടുണ്ടോ; എങ്കിൽ ഇത് നിയമപരമാണോ എന്ന് വ്യക്തമാക്കാമോ; | (ബി) | പദ്ധതിയുമായി ബന്ധപ്പെട്ട കരാറിൽ ക്രമക്കേട് നടന്നതായ ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ആരോപണത്തിലെ നിജസ്ഥിതി സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. വകുപ്പുതല റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഉചിത തുടർനടപടികൾ സ്വീകരിക്കുന്നതാണ്. അന്വേഷണം സമയ ബന്ധിതമായി പൂർത്തിയാക്കുവാൻ കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (സി) | എങ്കിൽ സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടെയാണോ അനെർട്ട് സി. ഇ. ഒ. പ്രസ്തുത ടെൻഡർ വിളിച്ചതെന്ന് വ്യക്തമാക്കാമോ? | (സി) | ടെൻഡർ വിളിക്കുന്നതിന് സർക്കാരിന്റെ അംഗീകാരം തേടുകയോ അനുവാദം നൽകുകയോ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ